(എ) തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പോലീസ് സ്റ്റേഷനിൽ എഫ്. ഐ.ആർ. നമ്പർ 185/03 കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പ്രദേശത്ത് സാമൂഹ്യവിരുദ്ധരുടെ ശല്യം കൂടിവരികയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടത്തെ സാമൂഹ്യവിരുദ്ധശല്യം ഇല്ലാതാക്കി സൈരജീവിതം നില നിറുത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) പ്രതിയെ എത്രയുംവേഗം അറസ്റ്റ് ചെയ്യാൻ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സാമൂഹ്യവിരുദ്ധരുടെ ശല്യം ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരെ കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യാജ സ്പിരിറ്റ് കേസ് അന്വേഷണം

43 [760] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ വ്യാജ സ്പിരിറ്റ് പിടികൂടിയതുമായി ബന്ധപ്പെട്ട് നടത്തുന്ന ഏതെങ്കിലും അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരദേശവാസികളായ ഒരുകൂട്ടം നാട്ടുകാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതി ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനും റിപ്പോർട്ടിനുമായി 20-9-2003-ൽ നൽകിയിട്ടുണ്ട്.

(ബി) അന്വേഷണാവസ്ഥയിലാണ്.

പോലീസ് ബറ്റാലിയനിലെ ക്യാമ്പ് ഫോളോവർമാർ

44 [761] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ എത്ര ബറ്റാലിയനുകളാണ് നിലവിൽ ഉള്ളത്; എല്ലാ ബറ്റാലിയനുകളിലും കൂടി എത്ര ക്യാമ്പ് ഫോളോവർമാർ ജോലി ചെയ്തുവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly